LIBRARY ARCHIVES Kerala Legislative Assembly

മറയൂരിലെ മുനിയറകളും ചരിത്രാതീതകാല ചിത്രങ്ങളും

*10 [638] *ശ്രീമതി ശോഭനാ ജോർജ് :*
ശ്രീ. സി. പി. മുഹമ്മദ് :
,, കെ. സി. ജോസഫ് :
,, കെ. എ. ചന്ദ്രൻ :
,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂരിൽ നിലവിൽ എത്ര മുനിയറകളുണ്ട് ;

(ബി) ഇവ കരിങ്കല്ലിനായി പൊട്ടിച്ച് നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മറയൂരിൽ ചരിത്രാതീതകാലത്തെ ചിത്ര രചനകളുള്ള എത്ര ഗുഹകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇവയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)* :

(എ) 48 മുനിയറകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) ചിത്ര രചനകളുള്ള 3 ഗുഹകളാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഇതിൽ മറയൂർ റിസർവ് ഫോറസ്റ്റിലുള്ള ഒരു ഗുഹ എഴുത്തള (എഴുത്തുപാറ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. ഇവിടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഗുഹാചിത്രത്തിനെ കൂടുതൽ വ്യക്തമാക്കി സംരക്ഷിക്കാൻ നടപ്പു സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്. ചിത്ര രചനകളുള്ള മറ്റു രണ്ട് ഗുഹകൾ സംരക്ഷിത സ്മാരകമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായപരിധി ഉയർത്താൻ നടപടി

*11 [639] *ശ്രീ. പി. സി. ജോർജ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന്റെ പരിധി ഓരോ അസുഖങ്ങളുടേയും, അവയ്ക്കു വേണ്ടുന്ന മരുന്നുകളുടെയും വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;